# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1580 02.07.2015 ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജ്

ചോദ്യം

ശ്രീ തോമസ് ചാണ്ടി

ഉത്തരം

ശ്രീ.കെ.പി. മോഹനൻ

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് മുഖേന ഏതെല്ലാം പ്രദേശങ്ങളിലെ കിണറുകളും കുളങ്ങളും ആണ് പുനരുദ്ധീകരിച്ചതെന്ന് അടങ്കൽ തുക സഹിതം വിശദീകരിക്കാമോ ;

(ബി) ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(എ) & (ബി) ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് മുഖേന പുനരുദ്ധരിച്ച കിണറുകളും കുളങ്ങളും സംബന്ധിച്ചിട്ടുള്ള വിവരങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ്. ഫെയ്സ് II ൽ ഉൾപ്പെടുത്തിയിട്ടുള്ള 15.12 കോടി രൂപയുടെ പുനരുദ്ധാരണ പ്രവർത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്.

(സി) പ്രസ്തുത വകുപ്പ് മുഖേന രാമച്ചം, ഔഷധസസ്യം, ടിഷ്യൂകൾച്ചർ വാഴതൈകൾ എന്നിവ ഏതെല്ലാം പ്രദേശങ്ങളിൽ ആർക്കൊക്കെ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

(സി) ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ രാമച്ചം, ഔഷധസസ്യം, ടിഷ്യൂകൾച്ചർ വാഴതൈകൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം നോർത്ത്, കത്തിയതോട്, വയലാർ, കോടംതുരുത്ത്, വള്ളിക്കുന്നം, തഴക്കര, ബുധനൂർ പ്രദേശങ്ങളിൽ നീർച്ചാലുകളുടെ വശങ്ങളിലും ബണ്ടുകൾ ബലപ്പെടുത്തുന്നതിനു വേണ്ടിയും 14931 മീറ്റർ രാമച്ചം വച്ചുപിടിപ്പിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിൽ വെച്ചൂർ, ടി.വി.പുരം, തലയാഴം, ഉദയനാപുരം, ചെമ്പ്, വൈക്കം മുനിസിപ്പാലിറ്റി, തലയോലപ്പറമ്പ്, വെള്ളൂർ, കല്ലറ, കടുതുരുത്തി, മാഞ്ഞൂർ, കാണക്കാരി,

നീണ്ടൂർ, ആർപ്പൂക്കര, അയ്മനം, അതിരമ്പുഴ, തിരുവാർപ്പ്, കുമരകം, കോട്ടയം മുനിസിപ്പാലിറ്റി തുടങ്ങിയ പ്രദേശങ്ങളിൽ 7708 മീറ്റർ രാമച്ചം, 11601 ഔഷധ സസ്യങ്ങൾ എന്നിവ പൊതു സ്ഥലങ്ങളിലായി വച്ചുപിടി-പ്പിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിൽ ടി.വി.പുരം, തലയാഴം, മറവൻതുരുത്ത്, ചെമ്പ്, കല്ലറ, മാഞ്ഞൂർ, നീണ്ടൂർ, അയ്മനം, അതിരമ്പുഴ, പായിപ്പാട്, കുറിച്ചി, പനച്ചിക്കാട് പ്രദേശങ്ങളിലെ 5205 ഗുണഭോക്താക്കൾക്കായി 60000 എണ്ണം ടിഷ്യൂകൾച്ചർ വാഴതൈകൾ വിതരണം ചെയ്തിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ നെടുമ്പ്രം, കടപ്ര,കുറ്റൂർ,നിരണംഗ്രാമപഞ്ചായത്തുക ളിലെ 10 ഗുണഭോക്താക്കൾക്കായി 2089 മീറ്റർ രാമച്ചം വച്ചുപിടിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

ആലപ്പുഴ ജില്ല

കടക്കരപ്പള്ളി, വയലാർ, ചേർത്തല സൗത്ത്, പട്ടണക്കാട്, തൈക്കാട്ടുശ്ശേരി, അരൂർക്കുറ്റി, പള്ളിപ്പുറം, കുത്തിയതോട്, തുറവൂർ, പെരുമ്പാലം, പാണാവള്ളി, മാരാരിക്കുളം നോർത്ത്, ബുധനൂർ, പുലിയൂർ, ചെന്നിത്തല-തൃപ്പെരുന്തുറ, മാന്നാർ, ചെറിയനാട്, ഭരണിക്കാവ്, ചെട്ടികുളങ്ങര, തഴക്കര, തെക്കേക്കര, വള്ളികുന്നം, താമരക്കുളം, ആലപ്പുഴ നോർത്ത്, ആലപ്പുഴ സൗത്ത്, കായംകുളം മുനിസിപ്പാലിറ്റി, ദേവികുളങ്ങര, മാരാരിക്കുളം സൗത്ത്, ആര്യാട്, മണ്ണഞ്ചേരി, ആലപ്പുഴ മുനിസിപ്പാലിറ്റി, ഹരിപ്പാട്, കാർത്തികപ്പള്ളി, ചേപ്പാട്, കരുവാറ്റ, ചെറുകര, മുതുകുളം, തൃക്കുന്നപ്പുഴ, ചിങ്ങോലി, അമ്പലപ്പുഴ നോർത്ത്, അമ്പലപ്പുഴ സൗത്ത്, ചേർത്തല മുനിസിപ്പാലിറ്റി, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, നൂറനാട്, പുറക്കാട് പുന്നപ്ര സൗത്ത്, അരൂർ, കഞ്ഞിക്കുഴി, മാവേലിക്കര-തെക്കേക്കര തുടങ്ങിയ പ്രദേശങ്ങളിൽ 124 കുളങ്ങൾക്കായി 1363.19 ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

കോട്ടയം ജില്ല

വെച്ചൂർ, ടി.വി.പുരം, തലയാഴം, ഉദയനാപുരം, മറവൻതുരുത്ത്, ചെമ്പ്, വൈക്കം മുനിസിപ്പാലിറ്റി, തലയോലപ്പറമ്പ്, വെള്ളൂർ, കല്ലറ, കടുതുരുത്തി, മാഞ്ഞൂർ, കാണക്കാരി, നീണ്ടൂർ, ആർപ്പൂക്കര, അയ്മനം, അതിരമ്പുഴ, തിരുവാർപ്പ്, കുമരകം, വാഴപ്പള്ളി, പായിപ്പാട്, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി, കുറിച്ചി, കോട്ടയം മുനിസിപ്പാലിറ്റി, പനച്ചിക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ 1871 കിണറുകൾക്കും 32 കുളങ്ങൾക്കുമായി 733.91 ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

പത്തനംതിട്ട ജില്ല

കടപ്ര, നെടുമ്പ്രം, പെരിങ്ങര, പന്തളം, നിരണം, കുറ്റൂർ, തിരുവല്ല മുനിസിപ്പാലിറ്റി തുടങ്ങിയ പ്രദേശങ്ങളിൽ 1265 കിണറുകൾക്കും 9 കുളങ്ങൾക്കുമായി 235.06 ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ